<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1249</u> <u>18-09-2025 - ൽ മറുപടിയ്ക്ക്</u>

<u>ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജിന് പോയവർ</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. ടി. വി. ഇബ്രാഹിം</th><th colspan="2">ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>2016 മുതൽ ഹജ്ജ് കർമ്മം നിർവഹിക്കുന്നതിന് വേണ്ടി സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഓരോ വർഷവും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിൽ എത്രപേർക്ക് ഹജ്ജ് കർമ്മം നിർവഹിക്കാൻ ഓരോ വർഷവും അവസരം ലഭിച്ചുവെന്നും വിശദമാക്കാമോ;</td><td>(എ)</td><td>വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>ലഭിച്ച അപേക്ഷകരുടെ എണ്ണം</th><th>അവസരം ലഭിച്ചവരുടെ എണ്ണം</th></tr>
<tr><td>2016</td><td>76487</td><td>10268</td></tr>
<tr><td>2017</td><td>95245</td><td>11470</td></tr>
<tr><td>2018</td><td>69709</td><td>11689</td></tr>
<tr><td>2019</td><td>43196</td><td>13457</td></tr>
<tr><td>2020</td><td>26064</td><td>NIL (NOT GONE COVID -19)</td></tr>
<tr><td>2021</td><td>6506</td><td>NIL (NOT GONE COVID -19)</td></tr>
<tr><td>2022</td><td>10565</td><td>5766</td></tr>
<tr><td>2023</td><td>18807</td><td>11556</td></tr>
<tr><td>2024</td><td>24796</td><td>18200</td></tr>
<tr><td>2025</td><td>20636</td><td>16482</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രസ്തുത വർഷങ്ങളിൽ ഹജ്ജ് പുറപ്പെടൽ കേന്ദ്രം ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ; ഓരോ ഹജ്ജ് പുറപ്പെടൽ കേന്ദ്രത്തിൽ നിന്നും എത്ര പേരാണ് പ്രസ്തുത വർഷങ്ങളിൽ ഹജ്ജ് കമ്മിറ്റി മുഖേന യാത്രയായതെന്ന് അറിയിക്കാമോ;</td><td>(ബി)</td><td>സംസ്ഥാനത്ത് 2016 മുതൽ 2018 വരെ കൊച്ചി മാത്രമാണ് പുറപ്പെടൽകേന്ദ്രമായി ഉണ്ടായിരുന്നത്.2019-ൽ സംസ്ഥാന സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി കോഴിക്കോടിനെക്കൂടി ഉൾപ്പെടുത്തി. എന്നാൽ 2022-ൽ കോവിഡിന് ശേഷം വന്ന ഹജ്ജ് തീർത്ഥാടന സമയത്ത് കോഴിക്കോടിനെ ഉൾപ്പെടുത്തിയിരുന്നില്ല. സംസ്ഥാന സർക്കാരിന്റെ നിരന്തരഇടപെടലിന്റെ ഫലമായി 2023 മുതൽ കൊച്ചി, കോഴിക്കോട് , കണ്ണൂർ എന്നീ മൂന്ന് എയർപോർട്ടുകളും ഹജ്ജ് പുറപ്പെടൽകേന്ദ്രമായി പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>കൊച്ചി,</th><th>കോഴിക്കോട്</th><th>കണ്ണൂർ</th></tr>
</table>
</td></tr>
</table>

| | | | |
|---|---|---|---|
| 2016 | 10268 | nil | nil |
| 2017 | 11470 | nil | nil |
| 2018 | 11689 | nil | nil |
| 2019 | **2750** | **10707** | nil |
| 2020 | **കോവിഡ്-19** | | |
| 2021 | **കോവിഡ്-19** | | |
| 2022 | 5766 | nil | nil |
| 2023 | 2481 | 7045 | 2030 |
| 2024 | 4477 | 10515 | 3208 |
| 2025 | 6388 | 5339 | 4755 |

| | | | |
|---|---|---|---|
| (സി) | കോഴിക്കോട് വിമാനത്താവളത്തിന്റെ പുറപ്പെടൽ കേന്ദ്രം വഴി പോകുന്ന ഹജ്ജ് യാത്രക്കാരിൽ നിന്നും, സംസ്ഥാനത്തെ മറ്റ് പുറപ്പെടൽ കേന്ദ്രങ്ങളിൽ നല്കുന്നതിനെക്കാളും അമിതചാർജ് ഈടാക്കുന്നത് മൂലം യാത്രക്കാർ കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അമിതചാർജ് കുറക്കുന്നതിന് സംസ്ഥാന ഹജ്ജ് കമ്മിറ്റി എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | കോഴിക്കോട് വിമാനത്താവളത്തിൽ ഹജ്ജ് യാത്രാ നിരക്ക് കൂടുതൽ ആയതിനാൽ അപേക്ഷകരുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട് . യാത്രാ നിരക്ക് എല്ലാ എമ്പാർക്കേഷനുകളിലും ഏകീകരിക്കുന്നതിന് 11/09/2025 തീയതിയിൽ സംസ്ഥാന ന്യൂനപക്ഷ ക്ഷേമ, വഖഫ് ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി , ബഹു . കേന്ദ്രന്യൂനപക്ഷ കാര്യ മന്ത്രി ശ്രീ . കിരൺറിജിജുവിനും , ബഹു . വ്യോമയാന മന്ത്രി ശ്രീ . റാംമോഹൻ നായിഡു വിനും കത്ത് നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പ് സെക്രട്ടറി 16/09/2025 തീയതിയിൽ കേന്ദ്ര വ്യോമയാന സെക്രട്ടറിക്കും , സംസ്ഥാന ഹജ്ജ് കമ്മറ്റി 24/07/2025 തീയതിയിൽ കേന്ദ്ര ഹജ്ജ് കമ്മറ്റിക്കും കത്ത് നൽകിയിട്ടുണ്ട് . ടെൻഡർ നടപടികളിലൂടെയാണ് ഓരോ എമ്പാർക്കേഷനുകളിലും സർവീസ് നടത്തേണ്ട വിമാന കമ്പനികളെ തിരഞ്ഞെടുക്കുന്നത് . |
| (ഡി) | കോഴിക്കോട് ഹജ്ജ് പുറപ്പെടൽ കേന്ദ്രത്തിൽ നിന്നുമുള്ള യാത്രക്കാരുടെ യാത്രാചാർജ് വർദ്ധനവിനെതിരെ സുപ്രീംകോടതിയിൽ നടന്ന കേസിൽ കേന്ദ്ര ഹജ്ജ് കമ്മിറ്റി നൽകിയ സത്യവാങ്മൂലം സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച് സംസ്ഥാന ഹജ്ജ് കമ്മിറ്റിയോട് കേന്ദ്ര ഹജ്ജ് കമ്മിറ്റി എന്തെങ്കിലും അഭിപ്രായം ആരാഞ്ഞിരുന്നോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഇത് സബന്ധിച്ചുള്ള രേഖ മൂലമുള്ള അറിയിപ്പ് ഒന്നും ലഭിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ